**റൂളിംഗ്**

മി.സ്പീക്കർ : ഓർഡർ .....ഓർഡർ, ശ്രീ. എം. ഉമ്മർ ധാരാളം നിയമ പ്രശ്നങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാറുണ്ട്. പലതും പ്രസക്തവുമാണ്. അതിന്റെ അടിസ്ഥാനത്തിൽ, സഭയിൽ ശക്തമായ പല റൂളിംഗുകളും അങ്ങയുടെ ഇടപെടലിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ട്. പക്ഷേ ഈ പ്രശ്നത്തിൽ അല്പംകൂടി പ്രായോഗികമായൊരു സമീപനം സ്വീകരിക്കണമെന്നുള്ള അഭിപ്രായമാണ് ചെയറിനുള്ളത്. ഭേദഗതികളുടെ ഭരണഘടനാ സാധുത സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ക്രമപ്രശ്നമായി ഉന്നയിക്കപ്പെട്ടിട്ടുള്ളത്. യഥാർത്ഥത്തിൽ ഭരണഘടന അനുച്ഛേദം 243-W-യിലും 12-ാം പട്ടികയിലും വ്യവസ്ഥചെയ്തിട്ടുള്ളതിൻ പ്രകാരം സംസ്ഥാന സർക്കാർ നടത്തിയ നിയമനിർമ്മാണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഒരു അധികാരം വീണ്ടും ഒരു ഭേദഗതിയിലൂടെ തിരിച്ചെടുക്കുന്നു, അത് ഭരണഘടനാ വിരുദ്ധമാണെന്നാണ് അങ്ങയുടെ വാദം. ബഹുമാനപ്പെട്ട മന്ത്രി നിയമ വകുപ്പിന്റെ നിരീക്ഷണം ഇവിടെ പറയുകയുണ്ടായി. യഥാർത്ഥത്തിൽ

അധികാരം കൈമാറാത്തതുകൊണ്ടോ അല്ലെങ്കിൽ മുനിസിപ്പാലിറ്റികൾക്കോ പഞ്ചായത്തുകൾക്കോ അധികാരമില്ലാത്തതുകൊണ്ടോ അല്ല മാലിന്യ സംസ്കരണമെന്ന പ്രശ്നം കേരളത്തിൽ വഴിമുട്ടിനിൽക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്. മാലിന്യസംസ്കരണം കേരളത്തിന്റെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. അതുകൊണ്ടാണ് ഞാൻ നേരത്തെ ചോദിച്ചത്, അതൊരു ബാധ്യതയാണോ അതൊരു അധികാരമാണോ എന്നത് ഒരു ഡിബേറ്റിംഗ് പോയിന്റാണ്. അതുകൊണ്ട് അത് പ്രായോഗികമായി പരിഹരിക്കാനുള്ള ഒരു നിർദ്ദേശമാണ് ഈ ഭേദഗതിയിലൂടെ വരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഏതെങ്കിലും അധികാരം കവർന്നെടുത്തുകൊണ്ട് ബലം പ്രയോഗിച്ച് അവിടത്തെ മാലിന്യങ്ങൾ സംസ്ഥാന ഗവൺമെന്റ് എടുത്തുകൊണ്ടുപോകുന്ന എന്നുള്ള നിലയിലല്ല, പ്രായോഗികമായി വൈഷമ്യമുള്ളവരെ സഹായിക്കാനുള്ളൊരു ഇടപെടലിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ്. ആ ഭേദഗതി, കേരളം ഇന്ന് നേരിടുന്ന വളരെ പരമപ്രധാനമായൊരു പ്രശ്നത്തിൽ പ്രാദേശിക ഭരണകൂടങ്ങളെ സഹായിക്കാൻ

ലക്ഷ്യം വച്ചുകൊണ്ടുള്ള സർക്കാരിന്റെ ഒരു കാര്യമാണ്. അത് സഹായകരമായൊരു വ്യവസ്ഥയെന്ന നിലയിലാണ് നമ്മൾ കാണേണ്ടത്. അത് അധികാരത്തിന്റെ പിടിച്ചുപറിയെന്നുള്ള നിലയിൽ കാണേണ്ടതില്ലെന്ന് ഓർമ്മിപ്പിച്ചുകൊണ്ടും ഈ പ്രായോഗികമായ വിഷയംകൂടി മനസ്സിലാക്കിക്കൊണ്ടും നമ്മൾ ഒരു നിലപാട് സ്വീകരിക്കണമെന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട്, ഈ ഉദ്ദേശ്യലക്ഷ്യത്തിന്റേയോ ഭരണഘടനവ്യവസ്ഥയുടെയോ ഏതെങ്കിലും ലംഘനം ഇതിലുണ്ടെന്ന് റൂൾ ചെയ്യാൻ നിർവാഹമില്ല, അത് കാണുന്നില്ല. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.